**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **19-06-2024 - ൽ മറുപടിയ്ക്ക്**

**മുട്ടുങ്ങൾ-നാദാപുരം–പക്രംതളം റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മുട്ടുങ്ങൾ-നാദാപുരം–പക്രംതളം റോഡിന്റെ ഇരുസൈഡുകളിലും ടൈലുകൾ ഇടുന്നതിനും പ്രധാന ഭാഗങ്ങളിൽ കൈവരി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൽ നാദാപുരം പക്രംതളം റോഡ് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ റോഡിൽ വള്ളിക്കാട്, വെള്ളിക്കുളങ്ങര, ഓർക്കാട്ടേരി, എടച്ചേരി, തലായി, പുറമേരി, നാദാപുരം എന്നീ ടൗണുകളിൽ ഇന്റർലോക്ക് ടൈലുകളും കൈവരികളും സ്ഥാപിക്കുന്നതിനായി 01/11/2023 തീയതിയിൽ 5.174 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത തുക സാമ്പത്തിക അനുമതി തുകയെ അധികരിച്ചതിനാൽ കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്നതിനായി 27/11/2023 തീയതിയിൽ സമർപ്പിച്ചു. എന്നാൽ സാമ്പത്തികാനുമതി തുക അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ 16/12/2023 തീയതിയിൽ കിഫ്ബിയിൽ നിന്ന് നിർദ്ദേശിച്ചത് പ്രകാരം 4.576 കോടി രൂപയുടെ എസ്റ്റിമേറ്റ് 10/01/2024 തീയതിയിൽ കിഫ്ബിയിൽ പുനർസമർപ്പിച്ചു. എന്നാൽ റോഡ് പ്രവൃത്തിയുടെ തുക പുനഃക്രമീകരിക്കുവാനും ബാക്കി തുക ഉപയോഗിച്ച് ഹാൻഡ് റയിൽ പ്രവൃത്തി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി പുതിയ പാക്കേജ് ആയി നൽകുവാനും അറിയിച്ചുകൊണ്ട് 11/01/2024 -ന് കിഫ്ബിയിൽ നിന്ന് നിർദ്ദേശിച്ചു. ഈ എസ്റ്റിമേറ്റ് 01.02.2024-ൽ നടന്ന 151-ാമത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് ഒറിജിനൽ സ്കോപ്പിൽ നിന്നും വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ പരിഹരിച്ചതിന് ശേഷം 17.04.2024-ൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ, സാങ്കേതികാനുമതി നൽകിയതിനു ശേഷം എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ട് കിഫ്ബി 04.05.2024-ൽ TS file തിരികെ നൽകി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൽ നാദാപുരം പക്രംതളം റോഡ് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ റോഡിൽ വള്ളിക്കാട്, വെള്ളിക്കുളങ്ങര, ഓർക്കാട്ടേരി, എടച്ചേരി, തലായി, പുറമേരി, നാദാപുരം എന്നീ ടൗണുകളിൽ ഇന്റർലോക്ക് ടൈലുകളും കൈവരികളും സ്ഥാപിക്കുന്നതിനായി 01/11/2023 തീയതിയിൽ 5.174 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത തുക സാമ്പത്തിക അനുമതി തുകയെ അധികരിച്ചതിനാൽ കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്നതിനായി 27/11/2023 തീയതിയിൽ സമർപ്പിച്ചു. എന്നാൽ സാമ്പത്തികാനുമതി തുക അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ 16/12/2023 തീയതിയിൽ കിഫ്ബിയിൽ നിന്ന് നിർദ്ദേശിച്ചത് പ്രകാരം 4.576 കോടി രൂപയുടെ എസ്റ്റിമേറ്റ് 10/01/2024 തീയതിയിൽ കിഫ്ബിയിൽ പുനർസമർപ്പിച്ചു. എന്നാൽ റോഡ് പ്രവൃത്തിയുടെ തുക പുനഃക്രമീകരിക്കുവാനും ബാക്കി തുക ഉപയോഗിച്ച് ഹാൻഡ് റയിൽ പ്രവൃത്തി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി പുതിയ പാക്കേജ് ആയി നൽകുവാനും അറിയിച്ചുകൊണ്ട് 11/01/2024 -ന് കിഫ്ബിയിൽ നിന്ന് നിർദ്ദേശിച്ചു. ഈ എസ്റ്റിമേറ്റ് 01.02.2024-ൽ നടന്ന 151-ാമത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് ഒറിജിനൽ സ്കോപ്പിൽ നിന്നും വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ പരിഹരിച്ചതിന് ശേഷം 17.04.2024-ൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ, സാങ്കേതികാനുമതി നൽകിയതിനു ശേഷം എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ട് കിഫ്ബി 04.05.2024-ൽ TS file തിരികെ നൽകി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ